# ജില്ലയിലെ നീര ടെക്നീഷ്യൻമാരുടെ ആദ്യ ബാച്ച് പുറത്തിറങ്ങി

മലപ്പുറം : കേന്ദ്ര സർക്കാറിന്റെ നാളികേര വികസന ബോർഡിന് കീഴിലുള്ള മലപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് കീഴിൽ ജില്ലയിലെ ആദ്യ നീര ടെക്നീഷ്യൻമാരുടെ ബാച്ച് പുറത്തിറങ്ങി. ഒന്നര മാസത്തെ പരിശീലനത്തിന് ശേഷമാണ് 40 പേർ അടങ്ങുന്ന ബാച്ച് പുറത്തിറങ്ങിയത്. പരിശീലനം പൂർത്തിയാക്കിയവർക്ക് പാണക്കാട് നടന്ന ചടങ്ങിൽ സാദിഖലി ശിഹാബ് തങ്ങൾ ടാപ്പിങ് കിറ്റ് വിതരണം ചെയ്തു. നീര പ്രകൃതി അനുഗ്രഹിച്ച നിരവധി പോഷക മൂല്യങ്ങൾ അടങ്ങിയ പാനീയമാണ്. ഒരു തുള്ളി പോലും ആൽക്കഹോൾ ഇല്ലാത്ത പാനീയം സമൂഹത്തിൽ വ്യാപകമാക്കണമെന്നും വൻസാമ്പത്തിക മാറ്റം ഈ മേഖലയിലൂടെ നമുക്ക് സാധ്യമാകുമെന്നും തങ്ങൾ പറഞ്ഞു. മലപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി



മലപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ ജില്ലയിലെ ആദ്യത്തെ നീര ടെക്നീഷ്യൻമാർക്കുള്ള ടാപ്പിങ് കിറ്റ് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ വിതരണം ചെയ്യുന്നു

ചെയർമാൻ നാസർ പൊന്നാട്ട് അധ്യക്ഷനായി. എക്സിക്യൂട്ടീവ് ഡയറക്ടർ എം.അമീർ അലി, സി.അവറാൻ കുട്ടി, നാസർ മലപ്പുറം, കെ.ഒ അലി, ഗഫൂർ ഹാജി, പി.ബഷീർ മുതുവല്ലൂർ പങ്കെടുത്തു.